0487-2373479
" -2373281

നിയമഹസ്തവുമായി ജനനീതി

തൃശൂരിൽ പ്രവർത്തിക്കുന്ന 'ജനനീതി' സാധാരണക്കാർക്ക് നിയമസഹായം എത്തിക്കുന്ന മനുഷ്യാവകാശ സംഘടനയാണ്. ജീവിതത്തിന്റെ പുറമ്പോക്കിലേക്ക് തള്ളപ്പെടുന്ന നിരാലംബർക്ക് തണലേകുന്ന ജനനീതിയെക്കുറിച്ച്.

പെറ്റുവളർത്തിയ രണ്ടു മക്കളെ കടലിലെ ഉപ്പുവെള്ളത്തിലേക്കു താഴ്ത്തുമ്പോൾ ഷൈമയുടെ കൈവിറച്ചില്ല! കാരണം, അതുതന്റെ ജീവിതത്തോടുള്ള പകരം വീട്ടലായിരുന്നു. കുഞ്ഞുങ്ങളുടെ ജീവനിൽ ഉപ്പു കലർന്ന ആ രംഗം ഇപ്പോൾ ഷൈമയ്ക്ക് ഓർമ്മയില്ല. ഷൈമയുടെ ഓർമ്മയിൽ ഇരമ്പുന്ന കടൽ മാത്രമേയുള്ളൂ.

തൃശൂരിനടുത്ത് വാടാനപ്പള്ളി കടപ്പുറത്ത് രണ്ടു മക്കളെ കടലിലെറിഞ്ഞുകൊന്ന ശേഷം ആത്മഹത്യയ്ക്കു ശ്രമിച്ച ഷൈമയെ നാട്ടുകാർ അത്ഭുതകരമായി രക്ഷപ്പെടുത്തി. എന്നാൽ കഠിനമായ ശ്വാസംമുട്ടലിലേക്കാണ് ഷൈമ എത്തിപ്പെടുന്നതെന്ന് നാട്ടുകാർ അറിഞ്ഞിരുന്നില്ല. സഹനത്തിന്റെ നെല്ലിപ്പലക കണ്ടതിനുശേഷമാണ് മക്കളെ കൊന്ന് ആത്മഹത്യ ചെയ്യാൻ ഷൈമ തീരുമാനിച്ചത്. ഭർത്താവിൽനിന്നുള്ള ക്രൂരമായ പീഡനങ്ങളും പിന്നെ ദാരിദ്ര്യവും അസഹനീയമായപ്പോൾ മരണത്തിന്റെ വഴിയാണു നല്ലതെന്ന് അവർക്കു തോന്നി. പക്ഷേ നല്ല വരായ നാട്ടുകാർ ഷൈമയെ രക്ഷപ്പെടുത്തി. കുറ്റബോധം കൊണ്ടാവും ഷൈമയുടെ ഭർത്താവും അധികം വൈകാതെ ആത്മഹത്യ ചെയ്തു.

നിയമത്തിന്റെ മുന്നിൽ കൊലപാതകിയും മനോരോഗിയുമായ ഷൈമ സമൂഹത്തിന് ഒരു ചോദ്യമാണ്. കാരണം, ഇത്തരമൊരാളെ ഏറ്റെടുക്കാനും ചികിത്സിക്കാനും ആരു തയ്യാറാവും? ഏതെങ്കിലുമൊരു സർക്കാർ മനോരോഗാശുപത്രിയുടെ സെല്ലിൽ ജീവിതം ഒടുങ്ങേണ്ടിയിരുന്ന ഷൈമയെ ഏറ്റെടുത്തതും ചികിത്സിക്കുന്നതും തൃശൂരിലെ 'ജനനീതിയാണ്'.

ഷൈമയെ പോലെ ജീവിതത്തിന്റെ പുറമ്പോക്കിലേക്ക് വലിച്ചെറിയപ്പെടുന്നവർക്കും സഹനത്തിന്റെ അവസാനം ശ്വാസമായി പോകുന്നവർക്കുമുള്ള അത്താണിയാണ് തൃശൂരിൽ പ്രവർത്തിക്കുന്ന 'ജനനീതി'.

അനാഥരും അശരണരുമായ സ്ത്രീകൾക്ക് അഭയം കൊടുക്കുമ്പോൾ, അവർക്ക് നിയമസഹായമെത്തിക്കുമ്പോൾ ഫാദർ ജോർജ് പുലിക്കുത്തിയിലിന് ആശ്വാസം. കാരണം, സാമ്പ്രദായികരീതിയിൽ വൈദികൻ മാത്രമായിരുന്നാൽ ദൈവത്തോടുള്ള പ്രതിജ്ഞ പൂർത്തിയാവില്ലെന്നും അതുകൊണ്ട് സേവനത്തിന് സമൂഹത്തിലേക്കിറങ്ങണമെന്നുമുള്ള അറിവിൽ നിന്നാണ് ഫാദർ ജോർജ് 'ജനനീതി'ക്ക് രൂപം കൊടുത്തത്.

തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജനനീതിയിലുള്ളവരും സന്നദ്ധപ്രവർത്തകരും ചേർന്നു ഒരു മനുഷ്യാവകാശ സംഘടനയാണ്. മനുഷ്യാവകാശപ്രവർത്തകരോടൊപ്പം കെ.ജി. ശങ്കരപ്പിള്ളയെ പോലെയുള്ള കവികളുമുണ്ട്. സമൂഹത്തിൽ അവശതയനുഭവിക്കുന്ന സ്ത്രീകൾക്ക് സൗജന്യനിയമസഹായം, സ്വയംതൊഴിൽ പദ്ധതികൾ, കുറ്റരഹിത ഗ്രാമം, ശുചിത്വപരിപാടികൾ കൂടിവെള്ളക്ഷാമം പോലെയുള്ള അടിയന്തിര പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക തുടങ്ങിയ സേവനങ്ങളാണ് ജനനീതി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ഫാദർ ജോർജ് പുലിക്കുത്തിയിൽ . ജനനീതിയുടെ പഠനകുസ് (താഴെ)

'സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഞാൻ നിയമപഠനം പൂർത്തിയാക്കിയത്. അതിനുശേഷം പൈക്കോടതിയിൽ വക്കീലായി. ആ സമയത്താണ് പൊലീസ് കസ്റ്റഡിയിൽ മരിച്ച ചേർത്തല ഗോപിയുടെ മൃതദേഹം മാതാപിതാക്കൾ വീട്ടുമുറ്റത്ത് ഏഴു വർഷമായി സംസ്കരിക്കാതെ സൂക്ഷിക്കുന്ന വിവരം പത്രത്തിൽ നിന്നറിഞ്ഞത്. മകന്റെ മരണത്തിന് ഉത്തരവാദികളായവരെ ശിക്ഷിക്കണമെന്നും നഷ്ടപരിഹാരം കിട്ടണമെന്നുമായിരുന്നു ഗോപിയുടെ മാതാപിതാക്കളുടെ ആവശ്യം. ഞാൻ ആ കേസ് ഏറ്റെടുത്തു. ജനനീതിക്ക് തുടക്കമായത് ഇങ്ങനെയാണ്.' ഫാ. ജോർജ് പറയുന്നു.

തൃശൂരിൽ ഒരു ബോർഡു പോലും വയ്ക്കാതെ പ്രവർത്തിച്ചു തുടങ്ങിയ ജനനീതിയിലേക്ക് പരാതികളുടെ പ്രവാഹമായിരുന്നു. പരാതിക്കാരിൽ ഏറെയും നിരാലംബരായ സ്ത്രീകൾ. അങ്ങനെയാണ് ജനനീതി ഒരു മനുഷ്യാവകാശ സംഘടനയായി വളർന്നത്.

'അംഗൻവാടികൾ കേന്ദ്രീകരിച്ചായിരുന്നു ഞങ്ങളുടെ പ്രവർത്തനം. അതുകൊണ്ടുതന്നെ സാധാരണക്കാരുടെ പ്രശ്നങ്ങൾ നേരിട്ടറിയാനും അവർക്ക് നിയമസാക്ഷരത നൽകാനും കഴിഞ്ഞു.' ജനനീതിയിൽ പ്രോഗ്രാം ഓഫീസറായ കെ. കെ. രാധാമണി പറയുന്നു.

'സമൂഹത്തിന്റെ ഉപരിതലങ്ങളിൽ അറിയപ്പെടുന്നതിനെക്കാൾ രൂക്ഷമാണ് കേരളത്തിലെ സ്ത്രീകളുടെ യഥാർത്ഥപ്രശ്നങ്ങൾ'. ജനനീതിയിൽ അഡ്വക്കേറ്റും സന്നദ്ധപ്രവർത്തകയുമായ ഫരീദ പറയുന്നു. അംഗൻവാടികളിലെ കണക്കെടുപ്പ് ഉൾപ്പെടെ ജനനീതിയുടെ പല പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഫരീദ കാണുന്നത് സാധാരണക്കാരായ സ്ത്രീകളുടെ നിസ്സഹായ ലോകമാണ്, ഷൈമയും മേരിയുമെല്ലാം.

ജനനീതി സംഘടിപ്പിച്ച നിയമശിൽപശാല. (മുകളിൽ) രാധാമണിയും അഡ്വ. ഫരീദയും (ഇടത്)

അതിൽ ചിലർ മാത്രം.

മേരിക്ക് ഇപ്പോൾ ഭർത്താവിന്റെ മർദ്ദനമേൽക്കാതെ ഉറങ്ങാം. ഭക്ഷണം പാചകം ചെയ്താൽ മനഃസമാധാനത്തോടെ കഴിക്കാം. ശരീരത്തിലൊന്നും മുറിവുകളേൽക്കാതെ ജീവിക്കാം. പുമല അംഗൻവാടിയിൽ വച്ചാണ് ജനനീതിയുടെ പ്രവർത്തകർ മേരിയെ കണ്ടെത്തുന്നത്. അന്ന് ഭർത്താവിന്റെ പീഡനങ്ങളേറ്റ് മൃതപ്രായയായി മേരി. മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും കൊണ്ട് ശ്വാസത്തിന്റെ വക്കിലായിരുന്നു മേരിയുടെ ഭർത്താവ്. കെട്ടിയ താലിചരടിന്റെ പിൻബലത്തിൽ മേരി അയാൾക്ക് പീഡിപ്പിക്കാനുള്ള ഒരു ഉപകരണം മാത്രമായിരുന്നു. അംഗൻവാടിയിൽ നിന്നു കിട്ടുന്ന തുച്ഛമായ വരുമാനംപോലും അയാൾ പിടിച്ചുവാങ്ങി. നല്ല നടപ്പിന്റെ വഴികൾ അടഞ്ഞപ്പോൾ വിവാഹമോചനമാണ് നല്ലതെന്ന് മേരിക്കു തോന്നി. എന്നാൽ അതിനുള്ള നിയമവഴികൾ മേരിക്ക് അറിഞ്ഞുകൂടായിരുന്നു. അപ്പോഴാണ് ജനനീതിയുടെ പ്രവർത്തകർ മേരിയെ കണ്ടെത്തുന്നത്. മേരിയുടെ കദനകഥ കേട്ട് കോടതി വളരെപ്പെട്ടെന്ന് വിവാഹമോചനം അനുവദിക്കുകയായിരുന്നു.

മേരിയുടേത് ഒറ്റപ്പെട്ട സംഭവമല്ലെന്ന് ജനനീതിയിൽ പ്രവർത്തിക്കുന്ന അഡ്വ. കൃഷ്ണകുമാർ പറയുന്നു. കാരണം, 'മേരിയുടേതുപോലെ വിവാഹമോചനം അനിവാര്യമായി വരുന്ന ധാരാളം സ്ത്രീകൾ നമ്മുടെ സമൂഹത്തിലുണ്ട്. നിയമനടപടികളെക്കുറിച്ചുള്ള അജ്ഞത മൂലം പലരും എല്ലാം സഹിച്ച് ജീവിക്കുകയാണ്. ഇങ്ങനെ ജീവിതം സഹനമാക്കിയ സ്ത്രീകളുടെ എണ്ണം സമൂഹത്തിൽ വർദ്ധിച്ചുവരുന്നതായി ജനനീതിയിലെ തന്നെ അഡ്വ. ജാസ്മിൻ കണക്കുകളുടെ അടിസ്ഥാനത്തിൽ പറയുന്നു.

മേരിയുടേതുപോലെയുള്ള സംഭവങ്ങൾ വർദ്ധിക്കുന്നതോടൊപ്പം നിസാരസംഭവങ്ങൾക്ക് വിവാഹമോചനം ആവശ്യപ്പെടുന്ന പെൺകുട്ടികളുടെ എണ്ണവും വർദ്ധിക്കുന്നതായി ജനനീതിയിലെത്തുന്ന കേസുകൾ വ്യക്തമാക്കുന്നു. നല്ല വിദ്യാഭ്യാസവും ജീവിത നില വാരവുമുള്ള പെൺകുട്ടികളാണ് 'പലപ്പോഴും ഇങ്ങനെ വിവാഹമോചനത്തിനായി എത്തുന്നത്. ഒരു ദിവസം ശരാശരി പത്തിനഞ്ചോളം പേരാണ് ജനനീതിയിലെത്തുന്നത്. ഇതിൽ പത്രണ്ടു പേർ സ്ത്രീകളാണ്. പരാതിയുമായി എത്തുന്നവരിൽ 18 വയസ്സുള്ള പെൺകുട്ടികൾ മുതൽ എൺപതു കഴിഞ്ഞ വൃദ്ധജനങ്ങൾ വരെയുണ്ട്. കോടതിനടപടികളുടെ നൂലാമാലകളിൽ നിന്ന് പരാതിക്കാരെ രക്ഷപ്പെടുത്തുകയെന്നതും ജനനീതിയുടെ സേവനങ്ങളിലൊന്നാണ്. 'പലപ്പോഴും സ്വന്തം ഇഷ്ടപ്രകാരം ജീവിക്കാമെന്നും ആരെയും ആശ്രയിക്കേണ്ടതില്ലെന്നുമുള്ള മനോഭാവത്തിൽ നിന്നാണ് ഇത്തരം കേസുകൾ വരുന്നത്. കുടുംബബന്ധങ്ങളുടെ പവിത്രതയോ സുരക്ഷിതത്വമോ മക്കളോടുള്ള ബന്ധങ്ങളോ ഒന്നും ഇവർ കണക്കാക്കാറില്ല. 'ഇത്തരം കേസുകൾക്ക് നിയമസഹായത്തെക്കാൾ മനഃശാസ്ത്ര ചികിത്സയാണ് ആവശ്യം. അതുകൊണ്ട് ഇത്തരക്കാരെ കൗൺസിലിങ്ങിനു വിധേയരാക്കി കുടുംബങ്ങളെ ഒന്നിപ്പിക്കാനുള്ള നടപടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്' ജനനീതി പ്രവർത്തകയായ ജയശ്രീ പറയുന്നു.

ഇന്ത്യയിലെ തന്നെ അപൂർവമായൊരു പരീക്ഷണമായിരുന്നു വരവൂർ ഗ്രാമപഞ്ചായത്തിലെ തിച്ചൂർ വ്യവഹാരരഹിതഗ്രാമം. കോടതിയിലുള്ള മുഴുവൻ കേസുകളും ഒത്തുതീർപ്പാക്കുകയും പുതിയ കേസുകൾ ഉണ്ടാകാതെ നോക്കുകയും ചെയ്യുകയെന്ന ഗ്രാമകരാർ ദൗത്യം വിജയിച്ചതിനു പിന്നിൽ ജനനീതി പ്രവർത്തകരുടെ കഠിനമായ അധ്വാനവും തിച്ചൂർ സ്വദേശികളുടെ സഹകരണവുമുണ്ട്.

അതുപോലെ തൃശൂർ കോർപ്പറേഷന്റെ പത്രണ്ടാം വാർഡിലെ പ്രവർത്തനങ്ങളും ജനനീതിയുടെ സേവനങ്ങൾക്ക് ഉദാഹരണമാണ്. താരതമ്യേന കോർപ്പറേഷന്റെ ശ്രദ്ധ പതിയാത്ത പിന്നോക്ക പ്രദേശമായ പത്രണ്ടാം വാർഡിനെ 'പൂർണസ്വരാജ്' എന്ന സങ്കല്പത്തിലേക്കു കൊണ്ടു വരുകയെന്ന ദൗത്യവും ജനനീതി ഏറ്റെടുക്കുകയായിരുന്നു. ഈ വാർഡിലെ 1800 കേസുകൾക്ക് പരിഹാരമുണ്ടാക്കാനും കുടിവെള്ളമുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കണ്ടെത്താനും ജനനീതിക്ക് കഴിഞ്ഞു. ഈ പ്രദേശത്തെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിലും വ്യക്തിത്വവികസനത്തിലും ജനനീതി പ്രത്യേകം ശ്രദ്ധിക്കുന്നു.

അഡ്വ. ജാസ്മിൻ

ജയശ്രീ

നിയമസഹായം ആവശ്യമുള്ളവർ 0487- 2427338, 0487- 2444473 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയാണെങ്കിൽ ജനനീതി പ്രവർത്തകർ നിയമപ്രകാരം പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

വി.ആർ.